# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1699**

**05.12.2014 - ൽ മറുപടിക്ക്**

## നീരയുടെ ഉൽപ്പാദനം

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് നീരയുടെ ഉല്പാദനം, വിതരണം ഇവ ലക്ഷ്യമിട്ട് നാളീകേര വികസന ബോർഡിന് കീഴിൽ എത്ര സൊസൈറ്റികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;<br>ബി) പ്രസ്തുത സൊസൈറ്റികൾക്ക് നീര ഉല്പാദനത്തിനും, വിപണനത്തിനുമുള്ള ലൈസൻസ് അനുവദിക്കുന്നതിന് നിലവിൽ എന്തെല്ലാം തടസ്സങ്ങളുണ്ട്; വ്യക്തമാക്കുമോ; | എ) & ബി) കേന്ദ്ര സർക്കാർ സ്ഥാപനമായ നാളീകേര വികസന ബോർഡുമായി ബന്ധപ്പെട്ട വിവരങ്ങൾ കൃഷി വകുപ്പിൽ ലഭ്യമല്ല. |
| സി) നീരയുടെ ഉല്പാദനവും, വിതരണവും സാർവ്വത്രികമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | സി) നീരയുടെ ഉല്പാദനവും വിതരണവും സാർവത്രികമാക്കുന്നതിലേക്ക് തെങ്ങ് കൃഷി കൂടുതൽ ആദായകരമായി നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ കർഷക സഹകരണ സംഘങ്ങളെ സഹായിക്കുക, നീരയെ ഒരു ആരോഗ്യപാനീയം എന്ന നിലയിൽ സംസ്ഥാനത്തും, രാജ്യത്തെ ഇതര ഭാഗങ്ങളിലും എത്തിച്ച് വിപണനം ചെയ്യുവാനുള്ള സാഹചര്യം ഒരുക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടുകൂടി കൃഷി, എക്സൈസ് വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടാണ് നാളീകേര-നീര ബോർഡ് രൂപീകരിച്ചിട്ടുള്ളത്. 18/11/2014-ലെ സ.ഉ.(സാധാ) 2051/2014/കൃഷി പ്രകാരം നീര ഉല്പാദനവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കുന്നതിനും അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുമായി 6 അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. കാർഷികോല്പാദന കമ്മീഷണർ ചെയർമാനായും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും രൂപീകരിച്ചിട്ടുള്ള നാളീകേര-നീര ബോർഡിന്റെ ആക്ഷൻപ്ലാൻ രൂപീകരണത്തിനുള്ള യോഗങ്ങൾ ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. നീര ഉല്പാദനത്തിനുള്ള സാങ്കേതിക വിദ്യ കേരള കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ നീര(കേരാമൃതം), തെങ്ങിൻ പൂക്കുലയിൽ നിന്നും കേരചക്കര എന്നിവയുടെ ഉല്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി 3 പൈലറ്റ് പ്രോജക്ടുകൾക്ക് അനുമതി നല്കിയിട്ടുണ്ട്. ഇതിൽ ആദ്യ |

പ്രോജക്ട് നീലേശ്വരം കാമ്പസിൽ നടപ്പിലാക്കി വരുന്നു. പ്രോജക്ടിനായി 45 ലക്ഷം രൂപയാണ് 2013-14 ൽ നല്കിയിരുന്നത്. ഒന്നാം പൈലറ്റ് പ്രോജക്ടിന്റെ പൂർത്തീകരണത്തിനും വിപണനം ശക്തിപ്പെടുത്തുന്നതിനുമായി 265 ലക്ഷം രൂപയുടെ പ്രോജക്ടിന് സർക്കാർ അനുമതി നല്കുകയും 85 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയും 45 ലക്ഷം നീരയുടെ വിപണനത്തിനായി നാളികേര വികസന കോർപ്പറേഷനും നൽകിക്കൊണ്ട് നീര ഉല്പാദനവും വിപണനവും സംബന്ധിച്ച നടപടികൾ പുരോഗമിച്ചു വരുന്നു. കാർഷിക സർവ്വകലാശാലയുടെ ഔട്ട്ലെറ്റുകളിലൂടെയും നാളികേര വികസന കോർപ്പറേഷന്റെ വില്പന കേന്ദ്രങ്ങളിലൂടെയും ഇപ്പോൾ വിപണനം നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ